**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** | **08-08-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര, പെരുവണ്ണാമുഴി പോലീസ് സ്റ്റേഷനുകളുടെ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പേരാമ്പ്ര പോലീസ് സ്റ്റേഷനിലെ ഓഫീസ് കെട്ടിടത്തിന്റെയും ക്വാർട്ടേഴ്സിന്റെയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്നതിലേക്കായി പേരാമ്പ്ര പോലീസ് സ്റ്റേഷൻ സ്ഥലത്തിന്റെ കോണ്ടൂർ സർവ്വേ റിപ്പോർട്ട് സഹിതം കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 13.07.2023 ൽ സംസ്ഥാന പോലീസ് മേധാവി അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | പെരുവണ്ണാമുഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ബി) | സ്റ്റേറ്റ് പ്ലാൻ 2022-23 ൽ ഉൾപ്പെടുത്തി പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 1,90,00,000/- രൂപയ്ക്ക് (ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും, ആദ്യ ഘട്ട നിർമ്മാണത്തിന് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം 2022 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുള്ളതാണ്. നിലവിൽ മൂന്ന് നിലകളുടെയും കോൺക്രീറ്റ് ജോലികൾ കഴിഞ്ഞ് റൂമുകൾ വേർതിരിക്കുന്നതിനുള്ള ജോലികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ